സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
തീയതി : 10-12-2007

നം: എ.ഡി.എൽ(2)38049/2005

## സർക്കുലർ നമ്പർ. 40/2007

വിഷയം:- സഹകരണ വകുപ്പ് - ആഡിറ്റ് - പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ ആഡിറ്റ് - കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് 13-2-2006-ലെ 3/2006 റദ്ദ് ചെയ്ത് പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സഹകരണ ആഡിറ്റ് മാനുവലിലെ അനുബന്ധം-2 ലെ സംശയാസ്പദവും കിട്ടാക്കടവുമായ മുതലുകളുടെ തരംതിരിവുകൾ.

2. രജിസ്ട്രാറുടെ 13.2.2006 ലെ 3/2006-ാം നമ്പർ സർക്കുലർ.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയുടെ കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ആഡിറ്റിൽ കരുതലുകൾ വയ്ക്കേണ്ടത് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത, വിശ്വാസ്യത, അന്തസ്സ് എന്നിവ ഉറപ്പുവരുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് ഭാരതീയ റിസ്സർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സംശയാസ്പദം, കിട്ടാക്കടം എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നതിന് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ ഇപ്പോൾ നിലവിലുള്ള സർക്കുലർ നമ്പർ-3/2006 ബന്ധപ്പെട്ടവരിൽ നിരവധി പരാതികൾക്കും സംശയങ്ങൾക്കും ഇടയാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത സർക്കുലർ റദ്ദ് ചെയ്തുകൊണ്ട് 2007-2008 ആഡിറ്റ് വർഷം മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കരുതൽ മാനദണ്ഡങ്ങൾ താഴെപറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 1. എ | ഒരു വർഷത്തിൽ താഴെയുള്ള കുടിശ്ശിക വായ്പകൾ | - | ഉത്തമ വായ്പകൾ, കരുതൽ വയ്ക്കേണ്ടതില്ല. |
| ബി | 1 വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശിക വായ്പകൾ | - | |
| ബി(1) | വസ്തു ജാമ്യത്തിൻ മേലുള്ളവ | | ഉത്തമ വായ്പകൾ, കരുതൽ വയ്ക്കേണ്ടതില്ല |
| ബി(2) | ആൾ ജാമ്യത്തിൻ മേൽ | - | കരുതൽ 10% |

| | | | |
|---|---|---|---|
| സി. | 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശിക വായ്പകൾ | - | സംശയാസ്പദം |
| സി.(1) | വസ്തു ജാമ്യത്തിൻ മേലുള്ളവ | - | 50% കരുതൽ |
| സി.(2) | ആൾ ജാമ്യത്തിൻ മേൽ | - | 100% കരുതൽ |
| ഡി. | 6 വർഷത്തിന് മേലുള്ള കുടിശ്ശിക വായ്പകൾ | - | കിട്ടാക്കടമായി കണക്കാക്കി 100% കരുതൽ വയ്ക്കേണ്ടതാണ്. |

2. കുടിശ്ശികപലിശയ്ക്ക് 100% കരുതൽ വയ്ക്കേണ്ടതാണ്.

3. സ്വർണ്ണ പണയ വായ്പകൾ, നിക്ഷേപ ഈടിൻ മേലുള്ള വായ്പകൾ എന്നിവ മതിയായ സെക്യൂരിറ്റി ഉണ്ടെങ്കിൽ സുരക്ഷിതവായ്പകളായി കണക്കാക്കി കരുതൽ വയ്ക്കേണ്ടതില്ല.

മേൽ നിർദ്ദേശപ്രകാരമുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ വിശദമായ സ്റ്റേറ്റുമെന്റുകൾ വായ്പകളിൻമേൽ തയ്യാറാക്കി കരുതൽ വയ്ക്കുന്നതിലേയ്ക്ക് ആഡിറ്റർമാർക്ക് സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

2007-2008 വർഷം മുതലുള്ള ആഡിറ്റുകൾക്ക് മേൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത്. ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുന്ന ഉദ്യോഗസ്ഥർ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്/-,
കെ.വി.സുരേഷ് ബാബു,
സഹകരണ സംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്).
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്).
3. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/ബാങ്കുകൾ.
4. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർ, ജില്ലാ സഹ. ബാങ്കുകൾ
5. സഹകരണ വീഥി-പ്രസിദ്ധീകരണത്തിന്
6. സഹകരണ ജേർണൽ- പ്രസിദ്ധീകരണത്തിന്
7. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
8. ജനറൽ സെക്ഷൻ, രജിസ്ട്രാഫീസ്,
9. സഹകരണ സംഘം രജിസ്ട്രാറുടെ/അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //
(ഒപ്പ്)
സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി